കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - ചിറക്കര ഗ്രാമ പഞ്ചായത്ത് - ഒഴുകുപാറ പൊതുമാർക്കറ്റ് സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങുന്നതിന് അനുമതി നൽകിയത് - ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്

സ.ഉ(സാധാ) നം.1908/17/ത.സ്വ.ഭ.വ തിരുവനന്തപുരം ,തീയതി, 09.06.2017.

വായന:- 1) 25.03.2017 ലെ സ.ഉ(സാധാ) നം. 874/17/ത.സ്വ.ഭ.വ

2) കൊല്ലം ജില്ലാ കളക്ടറുടെ 27/04/2017 ലെ എൽ.എ.6-64819/07 നമ്പർ കത്ത്.

ഉത്തരവ്

ചിറക്കര ഗ്രാമപഞ്ചായത്തിൽ ഒഴുകുപാറ പൊതു മാർക്കറ്റ് സ്ഥാപിക്കുന്നതിനായി പരവൂർ വില്ലേജിൽ ബ്ലോക്ക് 32-ൽ സർവ്വെ നം. 426/26, 426/27 – ൽപ്പെട്ട 6.25 ആർ (15.44 സെന്റ്) സ്ഥലം ജില്ലാ കളക്ടർ അംഗീകരിച്ച/നിശ്ചയിച്ച നിരക്കിൽ നിലവിലുള്ള നടപടിക്രമം പാലിച്ച് തനത് ഫണ്ട് ചെലവഴിച്ച് വാങ്ങുന്നതിന് ചിറക്കര ഗ്രാമപഞ്ചായത്തിന് മുകളിൽ വായിച്ച ഉത്തരവ് പ്രകാരം അനുമതി നല്കിയിരുന്നു. എന്നാൽ എൽ.എ.ആർ.ആക്ട് 2013 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകി കൊണ്ടുള്ള ഉത്തരവ് ആവശ്യമാണെന്ന് വായന (2) പ്രകാരം കൊല്ലം ജില്ലാ കളക്ടർ അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിൽ പരവൂർ വില്ലേജിൽ ബ്ലോക്ക് 32-ൽ സർവ്വെ നം. 426/26, 426/27 – ൽപ്പെട്ട 6.25 ആർ സ്ഥലം എൽ.എ.ആർ.ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിന് എന്നു കൂടി ഉൾപ്പെടുത്തി വായന (1) ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു. വായന (1) ഉത്തരവ് ടി ഭേദഗതിയോടെ നിലനില്ക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി/പ്രസിഡന്റ്, ചിറക്കര ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ